

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

മംഗളവാർത്ത മൂന്നാം ഞായർ

2022
ഡിസംബർ 11



# വെളിച്ചത്തിന് സാക്ഷ്യം നല്കാൻ വന്നവൻ...

ഉൽപ. 18:1-10, ന്യായ. 13:2-7, എഫേ. 3:1-13, ലൂക്കാ 1:57-66

ദൈവത്തിന്റെ കൃപാവരം മനുഷ്യന്റെ കുറവുകളെ നിറവുകളാക്കുന്ന, അൽഭുത പ്രതിപാദനങ്ങളാണ് വചനഭാഗങ്ങളിലുടനീളമുള്ളത്. വൃദ്ധരായ അബ്രാഹത്തിന്റെയും സാറായുടെയും സ്വപ്നങ്ങളെ ഏറ്റെടുക്കുന്ന ദൈവം.. ദാൻ ഗോത്രക്കാരനായ മനോവയേയും, അവന്റെ വന്ധ്യയായ ഭാര്യയെയും കൃപാവരത്താൽ നിറച്ച് സാംസൺ എന്ന ശക്തനായ മകനെ നല്കുന്ന ദൈവം... ജീവിതകാലം മുഴുവൻ ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്തിട്ടും സന്താനസൗഭാഗ്യമില്ലാതെ നിരാശരായിരുന്ന സഖറിയായെയും എലിസബത്തിനെയും അനുഗ്രഹിക്കുന്ന ദൈവം...

## ‘കർത്താവിന് കഴിയാത്തതായി ഒന്നുമില്ല’

യഹൂദ ചരിത്രത്തിൽ ‘കർത്താവിലുള്ള വിശ്വാസത്തിന്റെ’ ഉടമകളായിരുന്നു ഇവരെല്ലാം. എന്നാൽ ‘കർത്താവിനു കഴിയാത്തതായി ഒന്നുമില്ലെന്ന’ അടിയുറച്ച ബോധ്യം ചിലപ്പോഴെങ്കിലും ഇവർക്കു നഷ്ടപ്പെടുന്നുണ്ട്. ‘വസന്തത്തിൽ ഞാൻ തിരിച്ചുവരുമ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു കുഞ്ഞുണ്ടായിരിക്കും’ (ഉൽപ.18:10) എന്ന് കർത്താവ് അബ്രാഹത്തോട് പറയുമ്പോൾ, ഒരു തമാശ കേട്ടതുപോലെ പിറകിൽ നിന്നു ചിരിച്ച സാറായെ അവിടുന്ന് വിലക്കുന്നുണ്ട്; “കർത്താവിന് കഴിയാത്തത് എന്തെങ്കിലുമുണ്ടോ?” (ഉൽപ.18:14) എന്ന ചോദ്യത്തോടെ!

കർത്താവിന്റെ സന്നിധിയിലെ ധൂപാർപ്പണ സമയത്ത്, നിന്റെ ഭാര്യ എലിസബത്തിൽ നിനക്കൊരു പുത്രൻ ജനിക്കും, അവൻ ദൈവസന്നിധിയിൽ വലിയവനായിരിക്കും.. എന്നൊക്കെ ദൂതൻ പറയുമ്പോൾ, സഖറിയായും ഒന്നു പതറുന്നുണ്ട് (ലൂക്ക 1:20). അസാധ്യമായ സ്വപ്നങ്ങളെ ഏറ്റെടുക്കുന്ന ദൈവീക ഇടപെടലുകളുടെ



ഷാജി ആനാന്തുരുത്തി

നിരവധി പൂർവ്വിക സംഭവങ്ങൾ നന്നായറിയാവുന്ന ഈ പുരോഹിതനും സംശയിച്ചുപോകുന്നു.്യ

സഖറിയായുടെയും, സാറായുടെയും വിശ്വാസത്തിൽ നിന്നുയർന്ന് പരിശുദ്ധ കന്യാമറിയത്തിന്റെ വിശ്വാസത്തിലേക്ക് നമ്മെ വിളിക്കുന്ന വചനഭാഗങ്ങളാണിവ. കർത്താവിലുള്ള വിശ്വാസത്തോടൊപ്പം, എന്റെ ജീവിതത്തിൽ അവനു കഴിയാത്തതായി ഒന്നുമില്ലെന്ന അടിയുറച്ച വിശ്വാസത്തിലേക്കാണ് നാം കടന്നുവരേണ്ടത്. 'മലയെ മാറ്റാൻ തക്ക വിശ്വാസത്തെകുറിച്ച്' അവിടുന്നു പറഞ്ഞതും 'എനിക്കിതു ചെയ്യാൻ കഴിയുമെന്നു നീ വിശ്വസിക്കുന്നുണ്ടോ' എന്നു ചോദിച്ചതും ഇവിടെ ചേർത്തു വായിക്കാം.

## ദൈവീക പദ്ധതിയുടെ പൂർത്തീകരണം:

തങ്ങളറിഞ്ഞ ദൈവികപദ്ധതിയിൽ അടിയുറച്ച നിലപാടെടുക്കുന്ന സഖറിയായെയും, എലിസബത്തിനെയും തിരിച്ചറിയുമ്പോൾ, അവരിൽ നിന്നും നമുക്കു പഠിക്കാൻ ഒട്ടേറെയുണ്ട്. സമൃദ്ധിയുടെ നാളുകളിൽ ഇന്നലെകളെ വിസ്മരിക്കുന്നവരാണ് നമ്മിൽ പലരും. എന്നാൽ, 'യോഹന്നാൻ' എന്ന വാക്ക് സൂചിപ്പിക്കുന്നതുപോലെ, തങ്ങളിലേക്കൊഴുകിയ 'ദൈവത്തിന്റെ കാരുണ്യം' വിസ്മരിക്കാൻ അവർ തയ്യാറല്ല. ചാർച്ചക്കാരുടെയും നാട്ടുകാരുടെയും ചോദ്യം 'കുഞ്ഞിനിടേണ്ട പേര് നാട്ടുനടപ്പനുസരിച്ച് പിതാവിന്റേതല്ലേ?' (ലൂക്ക 1:59) എന്നാണ്. മാതാവും പിതാവും ഒരേ സ്വരത്തിൽ ഇതിനുത്തരം നല്കുന്നു. പിതാവിന്റെ പേരിട്ട് പിതാവിനെപ്പോലെയാകേണ്ടവനല്ല അവൻ.

'പടവെട്ട്' എന്ന സിനിമയിൽ നിവിൻ പോളിയുടെ കണ്ടെത്തലിങ്ങനെയാണ്; "നമുക്ക് സ്വന്തമായൊരു പദ്ധതിയില്ലെങ്കിൽ, വല്ലവരുടെയുമൊക്കെ പദ്ധതിയിൽ നാം പെടും". ഭൂമിയെയും കൃഷിയെയും നശിപ്പിക്കുന്ന 'കാട്ടുപന്നി' മാഫിയയ്ക്കെതിരെ 'കുന്ത'മെടുക്കാനും, ഊഷരഭൂമിയിൽ അധ്വാനിച്ച് വിളവിറക്കാനും ആ കഥാപാത്രത്തെ പ്രാപ്തനാക്കുന്നത് അവന്റെ ഓർമ്മയിലുള്ള പിതാവാണ്. നമ്മുടെ മക്കളെ വളർത്തേണ്ടത്, നമ്മുടെ സ്വപ്നങ്ങൾക്കുപരിയായി, അവരുടെ നിയോഗങ്ങൾക്കും, കാഴ്ചപ്പാടുകൾക്കുമനുസരിച്ചായിരിക്കണം. വളർച്ചയിലേക്കുള്ള അവരുടെ യാത്രയിൽ, നല്ലൊരു കോച്ചിന്റെ റോളായിരിക്കണം നാം ഏറ്റെടുക്കേണ്ടത്. 'The birth of a child is a promise and hope of a new future'.

ഖലീൽ ജിബ്രാന്റെ പ്രശസ്തമായ വരികളാണ് ഓർക്കുന്നത് :

""Your children are not your children. They are the sons and daughters of Life's longing for itself... You may give them your love but not your thoughts, for they have their own thoughts. You may house their bodies but not their souls, for their souls dwell in the house of tomorrow..."

ഒമ്പതു മാസത്തെ 'മൗനത്തിനു' ശേഷം സഖറിയായിൽ നിന്നുയരുന്ന 'സംഗീതം' ഇതുതന്നെയല്ലേ? "നീയോ കുഞ്ഞേ; അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും" (ലൂക്ക 1:76).

## വഴിയൊരുക്കാൻ മുമ്പേ പോകേണ്ടവർ

"ഇരുളിലും, മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും, സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടി" (ലൂക്കാ 1:79) വഴിയൊരുക്കേണ്ടവൻ... സ്നാപകനെകുറിച്ച് സ്വന്തം പിതാവറിഞ്ഞ 'നിയോഗ'മാണിത്. 'ഞാനാണ് വഴിയും സത്യവും ജീവനും' എന്നു പറഞ്ഞവനു വഴിയൊരുക്കുമ്പോൾ, കാരാഗൃഹവും തലയറക്കലുമാണ് അവനെ കാത്തിരിക്കുന്നത്. നാം ജീവിക്കുന്ന സമൂഹത്തിൽ സത്യത്തിനും നീതിക്കും വേണ്ടി നിലപാടെടുക്കേണ്ടവരാണ്, ജ്ഞാനസ്നാനം സ്വീകരിച്ച നാമോരോരുത്തരും. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിയുന്നവർക്ക് പ്രകാശം വീശേണ്ടവർ. തിന്മയുടെ 'വളഞ്ഞവഴികൾ നേരെയാക്കാനും', അനീതിയുടെ 'കുന്നും മലയും നിരത്താനുമുള്ള' സ്നാപക നിയോഗം ഏറ്റെടുക്കേണ്ട നമ്മൾ എവിടെയാണ് നിൽക്കുന്നത്? 'തീയിലെറിയപ്പെടേണ്ട ഫലം നൽകാത്ത വൃക്ഷങ്ങളും, അണലിസന്തതികളും' നമ്മളല്ലേ? സഭയിലും, സമൂഹത്തിലും അധികാരത്തിന്റെയും, സമ്പത്തിന്റെയും, സുഖലോലുപതയുടെയും വടംവലികൾ അരങ്ങുതകർക്കുമ്പോൾ, നിസ്സംഗരായി കേവല കൂദാശാനുഷ്ഠാന ക്രിസ്ത്യാനിയായി, 'കെടാത്ത തീയിൽ ദഹിക്കപ്പെടേണ്ട പതിരായി' - നാം തുടരുന്നു.

## കർത്താവ് നമുക്കു സാക്ഷ്യം നല്കുന്നുണ്ടോ?

സ്നാപകയോഹന്നാൻ വന്നത് കർത്താവിന് വഴിയൊരുക്കാനും അവന് സാക്ഷ്യം നൽകാനുമാണ്. പ്രതീക്ഷയോടെ ഇരുന്ന ജനങ്ങൾ, അവന്റെ ശക്തമായ പ്രവാചകശബ്ദം കേൾക്കുമ്പോൾ, 'ഇവൻ തന്നെയോ ക്രിസ്തു' എന്ന് ചിന്തിക്കുന്നു. "അവന്റെ ചെരിപ്പിന്റെ കെട്ടഴിക്കാൻ പോലും ഞാൻ യോഗ്യനല്ല" (ലൂക്ക 3:16) എന്ന യോഹന്നാന്റെ വിനീത മറുപടി ക്രിസ്തുവിനുള്ള വലിയ സാക്ഷ്യമായിരുന്നു. പിന്നീട് ഇതേ യോഹന്നാനു സാക്ഷ്യമായി യേശുക്രിസ്തു നല്കുന്ന മറ്റൊരു സാക്ഷ്യമുണ്ട്! "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനില്ല" (ലൂക്ക 7:28). സുവിശേഷത്തിൽ യേശു സാക്ഷ്യം നല്കുന്ന പലരുമുണ്ട്. 'എന്റെ ഭൃത്യനെ സുഖപ്പെടുത്താൻ അങ്ങയുടെ ഒരു വാക്കുമതി' (ലൂക്ക 7:7-9) എന്നു പറഞ്ഞ ശതാധിപനും, 'സ്ത്രീയെ, നിന്റെ വിശ്വാസം വലുതാണ്' (മത്താ 15:28) എന്നവിടുന്നു പുകഴ്ത്തിയ കാനാൻകാരിയും ഉദാഹരണങ്ങളാണ്.

നാം ജീവിക്കുന്ന സമൂഹത്തിൽ നമ്മുടെ നിലപാടുകളും കർമ്മങ്ങളും, നാം വിശ്വസിക്കുന്ന യേശുക്രിസ്തുവിനു സാക്ഷ്യം നല്കുന്നവയായിരിക്കണം. അപ്പോൾ അവിടുന്ന് നമുക്കും സാക്ഷ്യം നല്കും; അവന്റെ 'ചെറിയവരിൽ ഒരുവനിലൂടെ'..

ആഗതമാകുന്ന ക്രിസ്മസിനു ഒരുങ്ങുന്ന നമ്മെ, സ്നാപക യോഹന്നാന്റെ ജനനം, ദൈവകാരുണ്യ ബോധ്യത്തിലേക്ക് അടുപ്പിക്കുന്നതാണ്. ഒപ്പം, ദൈവ ചൈതന്യം ഇല്ലാത്തിടത്, പ്രവാചക ശബ്ദമാകാനുള്ള നമ്മുടെ കടമയെ ഓർമ്മപ്പെടുത്തുന്നതുമാണ്...

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com